بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 20.11.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ്(റ)
## ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി (റ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു:

ഇന്ന് ഞാൻ അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഔഫ് ബിൻ ഹാരിസ് ബിൻ റിഫാഅ് അൻസ്വാരി എന്നാകുന്നു. നിവേദനങ്ങളിൽ അദ്ദേഹത്തി ന്റെ പേര് ഔഫ് ബിൻ അഫ്റാഅ്, ഔഫ് ബിൻ ഹാരിസ്, ഔദ് ബിൻ അഫ്റാഅ് എന്നിങ്ങനെ വന്നിട്ടുണ്ട്. അദ്ദേഹം അൻസാറിലെ ബനൂ നജ്ജാർ ഗോത്രക്കാരൻ ആയിരുന്നു. ഹദ്റത്ത് മആദും ഹദ്റത്ത് മഊദും ഹദ്റത്ത് ഔഫിന്റെ സഹോദരന്മാരാണ്. ഹദ്റത്ത് ഔഫ് അൻസ്വാരി, മക്കയിൽ വന്ന് ഏറ്റവും ആദ്യം ബയ്അത്ത് ചെയ്ത ആറു പേരിൽ ഉൾപ്പെടുന്നു. അദ്ദേഹം ബയ് അത്തെ ഉഖ്ബയിൽ ഭാഗഭാക്കായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ, ഹദ്റത്ത് അസദ് ബിൻ ഉറാറ, ഹദ്റത്ത് അമ്മാറ ബിൻ ഹസം എന്നിവരോടൊപ്പം ചേർന്ന് ബനൂ മാലിക് ബിൻ നജ്ജാറിന്റെ വിഗ്രഹങ്ങളെ തകർക്കുകയുണ്ടായി. ബദ്ർ യുദ്ധം നടന്നു കൊണ്ടിരിക്കുമ്പോൾ, ഹദ്റത്ത് ഓഫ് ബിൻ അഫ്റാഅ്, റസൂലുല്ലാഹ്(സ)നോട് ചോദിച്ചു : യാ റസൂലല്ലാഹ്(സ), അല്ലാഹു ദാസന്റെ ഏതു കാര്യത്തിലാണ് ഏറ്റവുമധികം സന്തോഷിക്കുക? തിരുനബി(സ) പറഞ്ഞു: അയാളുടെ കൈകൾ യുദ്ധത്തിൽ സജീവമായിരിക്കുകയും, അയാൾ പടച്ചട്ടയില്ലാതെ നിർഭയം പൊരുതുകയും ചെയ്യുമ്പോൾ. അതായത് യുദ്ധമൈതാനത്താണെങ്കിൽ നിർഭയനായിരിക്കേണ്ടതാണ്. അപ്പോൾ ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ് തന്റെ പടച്ചട്ട അഴിച്ചു. മുൻപോട്ട് ചെന്ന് യുദ്ധം ചെയ്യുകയും ശഹാദത്ത് വരിക്കുകയും ചെയ്തു. ഹദീസുകളിലും ചരിത്രഗ്രന്ഥങ്ങളിലും ബദ്ർ യുദ്ധത്തിൽ അബൂജഹലിനെ ആക്രമിച്ച സ്വഹാബാക്കളുടെ പേരുകളിൽ ഹദ്റത്ത് ഔഫ് ബിൻ അഫ്റാഅ്യുടെ പേരും ഉണ്ട്.

ഇനി പരാമർശിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് അബു അയ്യൂബ് അൻസ്വാരി എന്നാകുന്നു. അദ്ദേഹം അൻസ്വാറിലെ ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ നജ്ജാറിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന് ഉഖ്ബ സാനിയയുടെ അവസരത്തിൽ 70 അൻസ്വാറുകളോടൊപ്പം ബയ്അത്ത് ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചു. തിരുനബി(സ) ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ മസ്ജിദുന്നബ്‌വിയും തന്റെ വസതികളും നിർമ്മിക്കുന്നതുവരേയും അബൂ അയ്യൂബ് അൻസ്വാരിയുടെ വീട്ടിലാണ് താമസിച്ചിരുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'തിരുനബി(സ) മദീനയിലെത്തിയപ്പോൾ, തിരുനബി(സ) തന്റെ വീട്ടിൽ തങ്ങണം എന്ന് ഓരോ മദീനവാസിയും ആഗ്രഹിച്ചു. തിരുനബി(സ)ന്റെ ഒട്ടകം ഒരു ഇടവഴിയിലൂടെ കടന്നു ചെന്നപ്പോൾ ആ വഴിയിലുള്ള വീടുകളിലെ ആളുകൾ തിരുനബി(സ) സ്വീകരിക്കാൻ അണിനിരന്നു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! ഇതാണ് ഞങ്ങളുടെ വീട്. ഞങ്ങളുടെ സ്വത്തും ജീവനും ഇതാ അങ്ങയുടെ സേവനത്തിന് വേണ്ടി സമർപ്പിക്കുന്നു. ഞങ്ങൾ അങ്ങയെ സംരക്ഷിക്കാൻ സന്നദ്ധരാകുന്നു. അങ്ങ് ഞങ്ങളുടെ അടുക്കൽ താമസിച്ചാലും. ചിലയാളുകൾ ആവേശഭരിതരായി തിരുനബി(സ)യുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് തങ്ങളുടെ വീടുകളിൽ ആഗതരാകാൻ അപേക്ഷിച്ചു. എന്നാൽ തിരുനബി(സ), ഓരോരുത്തർക്കും കൊടുത്ത മറുപടി, എന്റെ ഒട്ടകത്തെ വിട്ടേക്കൂ! അത് ഇന്ന് അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെട്ടിരിക്കുകയാണ്. അവസാനം അത് മദീനയുടെ ഒരറ്റത്ത് ബനൂ നജ്ജാറിലെ രണ്ട് അനാഥകുട്ടികളുടെ ഭൂമിയുടെ അടുത്തെത്തി നിന്നു. തിരുനബി(സ) ആ സ്ഥലത്ത് മസ്ജിദും തന്റെ മുറികളും നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് തിരുനബി(സ) ചോദിച്ചു: ഏറ്റവുമടുത്ത് ആരുടെ ഭവനമാണുള്ളത്? അബൂ അയ്യൂബ് അൻസ്വാരി മുന്നോട്ടുവന്നു പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ വീടാണ് ഏറ്റവും അടുത്തുള്ളത്. അത് അങ്ങയുടെ സേവനത്തിന് സമർപ്പിച്ചു കൊള്ളുന്നു. തിരുനബി(സ) പറഞ്ഞു: വീട്ടിൽ പോയി,

നമുക്ക് വേണ്ടി ഒരു മുറി തയ്യാറാക്കുക. അബൂ അയ്യൂബിന്റെ വീട് ഇരുനില കെട്ടിടമായിരുന്നു. അദ്ദേഹം, തിരുനബി(സ)നു വേണ്ടി മുകളിലെ നിലയാണ് നിർദ്ദേശിച്ചത്. എന്നാൽ തന്നെ കാണാൻ വരുന്നവർക്ക് പ്രയാസമാകുമെന്ന് കരുതി, തിരുനബി(സ) താഴത്തെ നിലയാണ് ഇഷ്ടപ്പെട്ടത്. അൻസ്വാറുകൾക്ക് തിരുനബി(സ)നോട് വളരെ ഗാഢമായ സ്നേഹം ഉണ്ടായിട്ടുണ്ടായിരുന്നു. അത് ഈ സന്ദർഭത്തിലും പ്രകടമാകുകയുണ്ടായി. തിരുനബി(സ)ന്റെ നിർബന്ധത്തിൽ, തിരുനബി(സ)ന് താഴത്തെ നിലയിൽ താമസിക്കാൻ ഹദ്റത്ത് അബൂ അയ്യൂബ് സമ്മതിച്ചെങ്കിലും രാത്രി മുഴുവനും ഉറങ്ങുമ്പോൾ തങ്ങൾ മുകളിൽ ഉറങ്ങുന്നത് അനാദരവാണെന്ന് അദ്ദേഹവും ഭാര്യയും കരുതി. അതുകൊണ്ട് ഉണർന്നു തന്നെ കഴിച്ചുകൂട്ടി. ഇത് സ്നേഹപ്രകടനമായിരുന്നു. രാത്രി വെള്ളം നിറച്ച പാത്രം വീഴുകയുണ്ടായി. മുകളിൽ നിന്ന് വെള്ളം താഴെ പോയെങ്കിലോ എന്ന് കരുതി, ഹദ്റത്ത് അബൂ അയ്യൂബ് ഓടിപ്പോയി തന്റെ പുതപ്പ് ആ വെള്ളത്തിന് മീതെയിട്ട് വെള്ളം ഒപ്പിയെടുത്തു. രാവിലെ നേരത്ത് അദ്ദേഹം വീണ്ടും തിരുനബി(സ)ന്റെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും പറഞ്ഞപ്പോൾ, തിരുനബി(സ) മുകളിലേക്ക് മാറാൻ സമ്മതിച്ചു.

ഹദ്റത്ത് അബൂ അയ്യൂബ്, തിരുനബി(സ)ന് വേണ്ടി ഭക്ഷണം തയ്യാറാക്കിയിരുന്നു. ബാക്കി ഭക്ഷണം തിരുനബി(സ)യുടെ പക്കൽനിന്ന് തിരിച്ചെത്തിക്കുമ്പോൾ തിരുനബി(സ)യുടെ വിരലുകൾ തട്ടിയ ഭാഗത്തുനിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം തിരുനബി(സ)ന് ഭക്ഷണം തയ്യാറാക്കിയപ്പോൾ അതിൽ വെളുത്തുള്ളി ഉണ്ടായിരുന്നു. പക്ഷേ തിരുനബി(സ) ഭക്ഷണം കഴിച്ചില്ല. അപ്പോൾ അദ്ദേഹം പരിഭ്രാന്തനായി മുകളിൽ പോയി തിരുനബി(സ)നോട് ചോദിച്ചു: വെളുത്തുള്ളി ഹറാമാണോ? തിരുനബി(സ) പറഞ്ഞു: അല്ല. പക്ഷേ ഞാൻ അത് ഇഷ്ടപ്പെടുന്നില്ല. അപ്പോൾ അബൂ അയ്യൂബ് അൻസ്വാരി പറഞ്ഞു: അങ്ങേയ്ക്ക് ഇഷ്ടമില്ലാത്തത് എനിക്കും ഇഷ്ടമില്ല. മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലെ മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: വെളുത്തുള്ളി എന്നതിനുപകരം ഉള്ളി എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്റെ അടുക്കൽ മലക്കുകൾ വരുന്നുണ്ട്. അതുകൊണ്ട് ഞാൻ അത് ഭക്ഷിക്കാൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ നിങ്ങൾ അത് കഴിച്ചു കൊള്ളുവിൻ!

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിക്ക് തിരുനബി(സ)ന്റെ കൂടെ ബദ്ർ, ഉഹദ്, ഖന്തക്ക് തുടങ്ങി സകല യുദ്ധങ്ങളിലും ഭാഗഭാക്കാകാൻ സൗഭാഗ്യം ലഭിച്ചിരുന്നു. ഒരവസരത്തിൽ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി തിരുനബി(സ)ന്റെ തമ്പിന് പുറത്ത് ഊരിപ്പിടിച്ച വാളുമായി രാത്രി മുഴുവൻ കാവൽനിന്നു.

ഇതറിഞ്ഞ നബി തിരുമേനി(സ) ഇപ്രകാരം ദുആ ചെയ്തു.

اَللّٰهُمَّ اِحْفَظْ اَبَا اَيُّوبَ كَمَا بَاتَ يَحْفُظُنِى

അല്ലാഹുവേ! അബൂ അയ്യൂബ് രാത്രിമുഴുവൻ എന്റെ സംരക്ഷണത്തിനുവേണ്ടി ചിലവഴിച്ചത് പോലെ അദ്ദേഹത്തിന് നീ സംരക്ഷണം നൽകേണമേ!

ഹദ്റത്ത് സഈദ് ബിൻ മുസയ്യിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഹദ്റത്ത് അബൂ അയ്യൂബ്, റസൂൽ കരീം(സ)ന്റെ മുടിയിൽ എന്തോ ഒരു കരടോ മറ്റോ കണ്ടപ്പോൾ അത് അദ്ദേഹം എടുത്ത് മാറ്റി. അപ്പോൾ തിരുനബി(സ) പറഞ്ഞു: അല്ലാഹു, അബൂ അയ്യൂബിൽ നിന്ന് അദ്ദേഹം ഇഷ്ടപ്പെടാത്ത സംഗതികൾ ദൂരീകരിക്കട്ടെ. തിരുനബി(സ) പറഞ്ഞു: അബൂ അയ്യൂബ്! നിനക്ക് ബുദ്ധിമുട്ടുകൾ ഇല്ലാതാകട്ടെ.

ഒരു നിവേദനത്തിൽ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി പറയുന്നു: ഞാൻ റസൂലുല്ലാഹ്(സ) ഇങ്ങനെ പറയുന്നതായി കേട്ടിരിക്കുന്നു; മാതാവിനും മകനും ഇടയിൽ അകൽച്ച ഉണ്ടാക്കുന്നവരെ അല്ലാഹു ഖിയാമത്ത് നാളിൽ അവരുടെ പ്രിയപ്പെട്ടവരിൽ നിന്ന് അകറ്റുന്നതാണ്.

ഹദ്റത്ത് മർസദ് ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി പറയുന്നു, നബി(സ) പറഞ്ഞു: ശുദ്ധമായ പ്രകൃതത്തിൽ നിലനിൽക്കുകയും മഗ്രിബ് നമസ്കാരം നക്ഷത്രങ്ങൾ പ്രകാശിക്കുന്നത് വരെ വൈകിപ്പിക്കാതിരിക്കുകയും ചെയ്യുന്ന കാലത്തോളം എന്റെ ഉമ്മത്തിൽ അനുഗ്രഹങ്ങൾ അവശേഷിക്കുന്നതാണ്. അതായത്, മഗ്രിബ് അതിന്റെ ആദ്യസമയത്ത് തന്നെ നമസ്കരിക്കേണ്ടതാണ്. അബൂ വാസിൽ നിവേദനം ചെയ്യുന്നു: ഞാൻ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയെ കണ്ടു. അദ്ദേഹം ഹസ്തദാനം ചെയ്തു. എന്റെ നഖങ്ങൾ നീളമുള്ളതാണെന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു; നബിതിരുമേനി(സ) പറയുന്നു: നിങ്ങൾ സ്വർഗലോകത്തെക്കുറിച്ച് ചോദിക്കുകയും പക്ഷികളെപ്പോലെ നഖം നീട്ടി വളർത്തുകയും ചെയ്യുന്നു. അതിൽ അശുദ്ധിയും അഴുക്കും മറ്റും ഒരുമിച്ചു കൂടുന്നതാണ്. അതുകൊണ്ട് നഖം വെട്ടിക്കളയുക.

ഹദ്റത്ത് അബൂ അയ്യൂബിനെ പറ്റി മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഇങ്ങനെ ഒരു ഹദീസുണ്ട്; ഹദ്റത്ത് അബൂ അയ്യൂബിന്റെ ശ്രേഷ്ഠതയും മഹത്വവും ലബ്ധപ്രതിഷ്ഠമാണ്. സ്വഹാബാക്കൾ അദ്ദേഹത്തോട് മതവിധികൾ ചോദിച്ചിരുന്നു.

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി മരണം സമീപസ്ഥമായപ്പോൾ ജനങ്ങളോട് പറഞ്ഞു: ഞാൻ റസൂലുല്ലാഹ്(സ)ൽ നിന്ന് കേട്ട ഒരു ഹദീസ് വിവരിക്കാം, എന്റെ മരണം സമീപസ്ഥമല്ലായിരുന്നെങ്കിൽ ഞാൻ ഇത് വിവരിക്കുമായിരുന്നില്ല. ഞാൻ റസൂലുല്ലാഹ്(സ)

പറയുന്നതായി കേട്ടു, അല്ലാഹുവിനോടു യാതൊന്നും പങ്കുചേർക്കാത്ത അവസ്ഥയിൽ മരണപ്പെടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി, ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം മുസ്‌ലിംകളുടെ ഒരു യുദ്ധത്തിലും പിന്നിലായിരുന്നില്ല. ഒരേ സമയം രണ്ടു യുദ്ധങ്ങൾ ഉണ്ടാകുമ്പോൾ, അദ്ദേഹം ഏതെങ്കിലും ഒരു യുദ്ധത്തിൽ തീർച്ചയായും ഭാഗഭാക്കായിരുന്നു. ഒരു യുദ്ധത്തിൽ ഹദ്റത്ത് അബൂ അൻസ്വാരി രോഗാതുരനായി. യസീദ് ബിൻ മുആവിയ സൈന്യാധിപനായിരുന്നു. യസീദ്, അദ്ദേഹത്തിന്റെ അടുത്ത്, രോഗി സന്ദർശനത്തിന് വേണ്ടിവന്നു കൊണ്ട് ചോദിച്ചു: താങ്കൾക്ക് എന്തെങ്കിലും വേണമെങ്കിൽ ചോദിച്ചു കൊള്ളുക. അദ്ദേഹം പറഞ്ഞു: ഞാൻ മരണപ്പെട്ടാൽ സാധ്യമാകുന്നത്ര ശത്രുക്കളുടെ രാജ്യത്തേക്ക് കൊണ്ടുപോകണം. ഇനിയും കൊണ്ടുപോകാൻ കഴിയാതെ വന്നാൽ അവിടെ തന്നെ മറവടക്കി തിരിച്ചുവരിക. ഇത്ര മാത്രമേ എനിക്ക് ആവശ്യമുള്ളൂ. ഹദ്റത്ത് അബൂ അയ്യൂബ് വഫാത്തായപ്പോൾ അദ്ദേഹത്തെയും കൊണ്ടു പുറപ്പെട്ടു. സാധ്യമായത്രയും ശത്രുവിന്റെ രാജ്യത്ത് എത്തിച്ചു. അവിടെ അദ്ദേഹത്തെ മറവടക്കി തിരിച്ചു വന്നു.

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി, തിരുനബി(സ) നു ശേഷം തന്റെ വഫാത്ത് വരെയും ജിഹാദുമായി ഇഴകി ചേർന്നുനിന്നു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലാണ് വഫാത്തായത്.

ഒരു നിവേദനത്തിൽ പറയുന്നു: ഹിജ്റി 52 ൽ, ഇസ്താംബുൾ യുദ്ധത്തിൽ ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി വഫാത്തായി. യസീദ് ബിൻ മുആവിയ, അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ ഖബർ റോമിൽ, അലിഫ് കസർ ഇസ്താംബൂൾ പട്ടണത്തിനു സമീപത്താണുള്ളത്. തുർക്കിയിലെ നിരവധി ജനങ്ങൾ മന:സമാധാനത്തിനു വേണ്ടി ഇവിടെ വരാറുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇവിടെ ബദ്രി സ്വഹാബാക്കളുടെ അനുസ്മരണം അവസാനിക്കുകയാണ്. പക്ഷേ നാല് ഖലീഫമാരെ കുറിച്ച് ഇനി വിവരിക്കുന്നതാണ്. അതുപോലെ തുടക്കത്തിൽ ചില സ്വഹാബാക്കളെ ചുരുങ്ങിയ നിലയിലാണ് അനുസ്മരിച്ചത്. അവരെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ കിട്ടിയാൽ അതും പറയുന്നതാണ്.

തുടർന്ന് ഹുസൂർ തിരുമനസ്സ്, ഇന്ത്യയിലെ മുഅല്ലിം ജനാബ് അബ്ദുൽ ഹയ്യ് മണ്ഡൽ, ബംഗാളിലെ മുർശിദാബാദ് ജില്ലയിലെ മുഅല്ലിം ജനാബ് സിറാജുൽ ഇസ്‌ലാം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രനും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബയുടെ മകനുമായ ജനാബ് ശാഹിദ് അഹ്മദ് ഖാൻ പാശാ സാഹിബ്, യു.കെ ഷീ ഫീൽഡിലുള്ള ജനാബ് മസ്ഊദ് അഹ്മദ് ശാഹ് സാഹിബ് എന്നിവരെ അനുസ്മരിക്കുകയും നമസ്കാരങ്ങൾക്ക് ശേഷം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതാണെന്ന് വിളംബരം ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 20.11.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516